ശ്രീ. എ. ജെ. ജാൺ : ജനുവരി 24-ാംനു മത്സ്യം പിടിക്കാൻ പോയ രണ്ടു വള്ളത്തിൽ ഒരെണ്ണം തിരിയെ വന്നിട്ടുണ്ടു്. മറ്റേതു് അപകടത്തിൽപെട്ടു് തിരിയെ വന്നിട്ടില്ല. അതു് ഒരു അമേരിക്കൻ കപ്പലുമായി കൂട്ടിമുട്ടുകയും തൻമൂലം അപകടത്തിൽപ്പെടുകയും അതിൽ മൂന്നുപേരെ നേവൽ ഹോസ്പിറ്റലിയിലേയ്ക്കു കൊണ്ടുപോകുകയുംചെയ്തു. ബാക്കി എഴുപേരുടെയുത്തെ സംബന്ധിച്ചു് വിശദമായ റിപ്പോർട്ടു് കിട്ടണമെന്നു് നിർദ്ദേശം കൊടുത്തിരിക്കുന്നു.

ശ്രീ. കുട്ടപ്പൻ കേയിക്കൽ : അപകടം സംഭവിച്ചവരുടെ കുടുംബങ്ങൾക്കു് വല്ല ധനസഹായവും ചെയ്യാൻ ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിൽ രണ്ടുപേരുടെ അപേക്ഷകളും വന്നിട്ടുണ്ടു്. അപകടത്തിൽപെട്ടവർക്കു് ധനസഹായം ചെയ്യണമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നുണ്ടു്.

സബ് കോടതി സ്ഥാപനാന്വേഷണം.

* 66. [16] ശ്രീ എൻ. ജി. ചാക്കോ : തിരുവണ്ണന്ന ചോദ്യത്തിനു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സബ് കോടതി സ്ഥാപിക്കുന്നതിൻറെ സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കാൻ ജസ്റ്റീസു് മ. പി. ഡി. നന്ദനമേനോൻ തിരുവല്ലാ, പത്തനംതിട്ട, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ സന്ദർശനം നടത്തിയതിൻറെ ശേഷം അദ്ദേഹം എന്തെങ്കിലും റിപ്പോർട്ടു് ഹൈക്കോടതിക്കു് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ആ റിപ്പോർട്ടിൻറെ ഒരു ശരിപ്പകർപ്പു് അസംബ്ലിയിലെ മേശപ്പുറത്തു് വയ്ക്കുമോ ;

(ഡി) സബ് കോടതി എവിടെ സ്ഥാപിക്കുവാനാണു് ജസ്റ്റീസു് മ. പി. ഡി. നന്ദനമേനോൻ ശുപാർശ ചെയ്തതു് ;

(ഇ) ആ ശുപാർശയാണോ ഹൈക്കോടതി അംഗീകരിച്ചിരിക്കുന്നതു് ;

(എഫ്) അതനുസരിച്ചാണോ ഗവണ്മെൻറിലേയ്ക്കു് ശുപാർശ ഹൈക്കോടതി സമർപ്പിച്ചിരിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സബ് കോടതികൾ, മുൻസിഫ് കോടതികൾ മുതലായവ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ജസ്റ്റീസു് മ. പി. ഡി നന്ദനമേനോൻ തിരുവല്ലാ, പത്തനംതിട്ട, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചതായി അറിയുന്നു.

(ബി) അതിനുശേഷം അദ്ദേഹം ഇവയെ സംബന്ധിച്ച ഒരു റിപ്പോർട്ടു് ഹൈക്കോടതിക്കു് സമർപ്പിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്.

(സി-യും ഡി-യും) റിപ്പോർട്ടിൻറെ പകർപ്പു് മേശപ്പുറത്തു വയ്ക്കാൻ സൗകര്യപ്പെടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ-യും എഫും) ആ റിപ്പോർട്ടിനു് എതിരായിട്ടു് ഒരു നിലപാടു് ഹൈക്കോടതി കൈക്കൊണ്ടതായി കാണുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : ശ്രീ. നന്ദനമേനോന്റെ സുപ്രധാന പ്രകാരം സബ്കോടതി എവിടെ സ്ഥാപിക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവല്ലായിൽ.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ : കോടതികളുടെ അധികാരത്തിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തി റിപ്പോർട്ടു് ചെയ്യുന്നതിനായി ജഡ്ജി പത്മനാഭനെ നിയമിച്ചിട്ടില്ലായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയൊരാളെ നിയമിച്ചതായി കേട്ടിട്ടുണ്ടു്.

ശ്രീ. പി. കെ. മഹാദേവൻ : അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടു് അതേപടിതന്നെ അംഗീകരിച്ചോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അംഗീകരിച്ചു.

ഔദ്യോഗിക ഭാഷാ കമ്മീഷൻ.

* 67. [17] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ബി. ജി. ഖേർ ചെയർമാനായി ഇൻഡ്യാ ഗവണ്മെൻറു് നിയമിച്ചിട്ടുള്ള ഔദ്യോഗിക ഭാഷാ കമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ;

(ബി) ഈ കമ്മീഷന്റെ മുൻപാകെ എന്തെങ്കിലും അഭിപ്രായം ഈ ഗവണ്മെൻറു് സമർപ്പിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശ്രീ. ബി. ജി. ഖേർ ചെയർമാനായി ഇൻഡ്യാ ഗവണ്മെൻറു് നിയമിച്ചിട്ടുള്ള ഔദ്യോഗിക ഭാഷാകമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടു്.

(ബി) ആ കമ്മീഷന്റെ മുമ്പാകെ ഈ ഗവണ്മെൻറു് ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള കാര്യത്തിന്റെ വിവരമെന്താണെന്നു് അറിയിക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു വളരെ ദീർഘമായ മെമ്മോറാണ്ടമാണു്. മുഴുവനും പറയുന്നതിനു സമയം അനുവദിക്കുമോ എന്നു തോന്നുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : ഇവിടത്തെ ഔദ്യോഗിക ഭാഷ ഹിന്ദിയാക്കുന്നതിനെ സംബന്ധിച്ചു, ഗവണ്മെൻറിന്റെ മനോഭാവമെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly